**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3740** **02-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (എ) | **കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ആർട്ടിഫിഷ്യൽ ടർഫ് എന്നിവയുടെ നിർമ്മാണത്തിനായി 10.10.2022 ലെ സ.ഉ(സാധാ)നം. 243/2022/കാ.യു.വ പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ബഹു.എം.എൽ.എയുടേയും, സ്കൂൾ അധികൃതരുടേയും നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന ആർട്ടിഫിഷ്യൽ ടർഫിന് പകരം മഡ് ഫുട്ബോൾ കോർട്ട് ഉൾപ്പെടുത്തിയും മറ്റ് ഘടകങ്ങളിൽ മാറ്റങ്ങൾ വരുത്തിയുമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശുപാർശ പ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന തുകയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായുള്ള എം.എൽ.എ ഫണ്ട് അനുവദിച്ചു കൊണ്ട് എം.എൽ.എ യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ്** |

| | | | |
|---|---|---|---|
| | | | **തയ്യാറാക്കി ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ